**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3202** **26-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുള്ള തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ് പാലത്തിന്റെ നിർമ്മാണം ഉടങ്ങുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ? | (എ) | പത്തനംതിട്ട ജില്ലയിലെ തിരുവല്ല നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ പാറക്കടവ് പാലത്തിന് 31.10.2016-ലെ സ.ഉ(സാധാ)നം. 1496/2016/പൊ.മ.വ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 19.09.2017 തീയതിയിൽ 9.35 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 30.10.2019 തീയതിയിൽ 9.32 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രവൃത്തി 4 തവണ ടെണ്ടർ ചെയ്തിരുന്നു. ആദ്യ തവണ ബിഡുകൾ ഒന്നും ലഭിച്ചില്ല. രണ്ടാം തവണയും മൂന്നാം തവണയും ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 10% വും 12.95% അധികമായതിനാൽ ബിഡിന് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായില്ല. തുടർന്ന് നാലാം തവണ ടെണ്ടർ ചെയ്തപ്പോൾ ഒരു ബിഡ് ലഭിച്ചു. ശ്രീ.ശിവസാമി എന്ന കരാറുകാരൻ 9.59 കോടി രൂപയ്ക്ക് സമർപ്പിച്ച ബിഡ് 19.11.2021 തീയതിയിൽ കൂടിയ 28-ാം ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിരുന്നു. 27.01.2022 തീയതിയിൽ കരാറുകാരന് LoA നൽകിയെങ്കിലും, കരാറുകാരൻ ബിഡിന്റെ കാലാവധി നീട്ടി നൽകുകയോ, എഗ്രിമെന്റ് വയ്ക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ടെണ്ടർ റദ്ദ് ചെയ്തിരുന്നു. തുടർന്ന് ബ്രിഡ്ജിന്റെ ഡിസൈൻ പരിഷ്കരിച്ചുകൊണ്ട് 11.78 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഉപാധികളോടെയാണ് 13.03.2024 തീയതിയിൽ കിഫ്ബിയുടെ 11.78 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളത്. ചെലവ് ചുരുക്കുന്നതിനും, എസ്റ്റിമേറ്റ് അപ്രൈസൽ വിഭാഗത്തിന്റെ പുനഃപരിശോധനയ്ക്ക് സമർപ്പിക്കുന്നതിനും കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. കിഫ്ബിയുടെ അന്തിമ സാമ്പത്തികാനുമതി |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ